(ബി) തീർത്ഥാടകർക്കുള്ള കുടിവെള്ള സംഭരണത്തിനായി ശബരിമലയിൽ 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള രണ്ടു ടാങ്കുകൾ നിർമ്മിച്ചു. ശബരിമല ക്ഷേത്രം, അനുബന്ധ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ, പിൽഗ്രിം സെന്ററുകൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി. അപ്പം, അരവണ തുടങ്ങിയ പ്രസാദങ്ങളുടെ വിതരണം മുടക്കം കൂടാതെ ലഭ്യമാക്കാൻ എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഇൻസിനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ആവശ്യമായ സാങ്കേതിക ജോലിക്കാരെയും നിയമിച്ചു പ്രവർത്തിപ്പിച്ചുവരുന്നു. പോലീസ് ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്ക് താമസ സൗകര്യത്തിനായി താത്ക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ചു. ദർശനത്തിനും നെയ്യഭിഷേകത്തിനും ക്യൂ നിൽക്കുന്നവർക്ക് മഴയിലും വെയിലിലും സംരക്ഷണം നൽകുന്നതിന് യഥാക്രമം താത്ക്കാലിക ഷെഡ്ഡുകളും മേൽക്കൂരയും നിർമ്മിച്ചു. പരമ്പരാഗത പാതയിൽ നീലിമല, അപ്പാച്ചിമേട് ഭാഗങ്ങളിൽ അയ്യപ്പഭക്തർക്ക് വിശ്രമിക്കുവാനായി 4 ഷെൽട്ടറുകൾ നിർമ്മിച്ചു. പമ്പ മുതൽ അപ്പാച്ചിമേടുവരെ വിവിധ സ്ഥലങ്ങളിൽ കോൺക്രീറ്റ് ബഞ്ചുകൾ നിർമ്മിച്ചു. അപ്പാച്ചിമേട് ഭാഗത്ത് പാത വീതികൂട്ടി കയറ്റം ലഘൂകരിച്ച് കോൺക്രീറ്റ് ചെയ്ത് പടികൾ നിർമ്മിച്ച് ബാരിക്കേഡുകൾ പുനർനിർമ്മിച്ചു. അപ്പാച്ചിമേടു ഭാഗത്ത് വിശ്രമസങ്കേതം നിർമ്മിച്ചു. പമ്പയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കി. പമ്പാ മണപ്പുറത്ത് അയ്യപ്പൻമാർക്ക് വിശ്രമിക്കുന്നതിനും വിരിവയ്ക്കുന്നതിനുമായി 20000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പന്തൽ നിർമ്മിച്ചു. ആവശ്യമായ ഇൻഫർമേഷൻ ബോർഡുകളും സൈൻബോർഡുകളും വിവിധ ഭാഷകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അപ്പാച്ചിമേട്ടിലും നീലിമലയിലും കാർഡിയോളജി സെന്ററുകൾ പ്രവർത്തിപ്പിക്കുന്നു. കൂടാതെ ശബരിമലയിലും പമ്പയിലും ആരോഗ്യ വകുപ്പിന്റെയും സ്വകാര്യമേഖലയുടെയും സൗജന്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. പോലീസ് വകുപ്പ് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി വാഹനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ശബരിമലയിലും പമ്പയിലും ദേവസ്വം ബോർഡും അയ്യപ്പസേവാസംഘവും സൗജന്യ അന്നദാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെയും സർക്കാരേതര ഏജൻസികളുടെയും സഹകരണത്തോടെ ഉത്സവം സുഗമമാക്കാനുള്ള നടപടികൾ നടന്നുവരുന്നു.

ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിഷൻ റിപ്പോർട്ടിൻമേലുള്ള നടപടികൾ

269 (562) ഡോ. എൻ. ജയരാജ്:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സംബന്ധമായി ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിഷൻ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട ഏതൊക്കെ നിർദ്ദേശങ്ങളിൻമേൽ അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇവയിൽ പൂർണ്ണമായി നടപ്പിലാക്കിയ കാര്യങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഡോണർമാരുടെ സഹായത്തോടെയാണ് ശബരിമലയിൽ ഡോണർ ഹൗസുകൾ നിർമ്മിച്ചിരുന്നത്. ആകയാൽ അവർക്ക് പ്രത്യേക പരിഗണന നൽകിയിരുന്നു. കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മകര വിളക്ക് കാലയളവിൽ രണ്ടും മണ്ഡലകാലയളവിൽ രണ്ടും, വിഷു കാലത്ത് ഒന്നും എന്ന ക്രമത്തിൽ മുറികൾ നൽകുന്നത് ഇപ്പോൾ നിജപ്പെടുത്തിയിട്ടുണ്ട്. ഭണ്ഡാരത്തിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിന് ഭണ്ഡാരത്തിൽ ധനലക്ഷ്മി ബാങ്കിനെക്കൊണ്ട് കോയിൻകൗണ്ടിംഗ്/സോർട്ടിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഭണ്ഡാരത്തിൽ കൂടുതൽ സൂപ്പർവൈസർമാരെ നിയമിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ടോയ്‌ലെറ്റ് ബ്ലോക്കുകളുടെയും വിശ്രമ കേന്ദ്രങ്ങളുടെയും നിർമ്മാണവും നടത്തിയിട്ടുണ്ട്. കക്കൂ കോംപ്ലക്സ് നിർമ്മാണത്തിനായി വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ മേൽനോട്ടത്തിൽ ശബരിമലയിലും പമ്പയിലും അന്നദാനം നടത്തുന്നുണ്ട്. അരവണ, അപ്പം, അഭിഷേകം തുടങ്ങിയവയ്ക്ക് കൂടുതൽ കൗണ്ടറുകൾ തുടങ്ങിയിട്ടുണ്ട്. ധനലക്ഷ്മി ബാങ്ക് മുഖാന്തരം ടിക്കറ്റ് വില്പന നടത്തുന്നു. ഇടത്താവളങ്ങളിൽ ഭക്തജനങ്ങൾക്ക് വിശ്രമിക്കുവാനുള്ള സൗകര്യം അന്നദാന സൗകര്യം ഇവ പൊതുജന സഹകരണത്തോടെ നടത്തുന്നു.

"ശ്രീ അയ്യപ്പാ മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണം"

281 (353) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കും മറ്റു നാട്ടുകാർക്കും പ്രയോജനം ചെയ്യുന്ന ശ്രീ അയ്യപ്പ മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണം സംബന്ധിച്ച് എത്ര ഉന്നതതല യോഗമാണ് ചേർന്നിട്ടുള്ളത്;

(ബി) ഈ ഉന്നതതല യോഗങ്ങളിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്നു വ്യക്തമാക്കുമോ;

(സി) ആശുപത്രി സ്ഥാപിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് എത്ര നിർദ്ദേശങ്ങളാണ് കമ്മിറ്റിക്ക് മുമ്പിൽ എത്തിയത്;

(ഡി) പത്തനംതിട്ട ജില്ലാ കളക്ടർ ചൂണ്ടിക്കാണിച്ച സ്ഥലങ്ങൾ ഏതൊക്കെയാണ്;

(ഇ) ഇനിയും ഈ തീരുമാനങ്ങൾ നടപ്പാക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഉന്നതതല യോഗ തീരുമാനങ്ങൾ നടപ്പാക്കാത്ത സാഹചര്യം പരിശോധിക്കാൻ തീരുമാനിക്കുമോ;

(ജി) അടിയന്തിരമായി ആശുപത്രി നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly